**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** | **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുവാൻ നിലവിലുള്ള നിയമ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | അബ്കാരി/എൻ.ഡി.പി.എസ്./കോട്പ ആക്ടുകൾ പ്രകാരമാണ് സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിനായി പരിശോധനകളും റെയ്ഡുകളും നടത്തുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വിപണനം നിയമം മൂലം നിരോധിച്ചിട്ടുണ്ട്. അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ 7(2), ഫോറിൻ ലിക്വർ റൂൾ 13 (3) പ്രകാരം, വിദ്യാലയങ്ങളുടെ 200 മീറ്റർ ദൂരപരിധിക്കുള്ളിൽ മദ്യവില്പന ശാലകൾ അനുവദിക്കാറില്ല. |
| (ബി) | സ്കൂൾ പരിസരങ്ങളിൽ ഇപ്പോഴും ലഹരി പദാർത്ഥങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിന് നിരന്തരം നിരീക്ഷണങ്ങളും പരിശോധനകളും നടത്തി വരുന്നുണ്ട്. |
| (സി) | ഇത് തടയുന്നതിനും അക്രമ വാസനകളിലേക്ക് വിദ്യാർത്ഥി സമൂഹം വഴി തിരിഞ്ഞു പോകാവുന്ന വൻ വിപത്തുകൾ ഒഴിവാക്കുന്നതിനും എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സ്കൂൾ പരിസരങ്ങളിലെ കടകളിലെയും, മറ്റ് സ്ഥാപനങ്ങളിലെയും ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിനും വിദ്യാലയങ്ങളിൽ ലഹരി മാഫിയയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ ലഹരിക്കെതിരെയുള്ള അവബോധം വളർത്തുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. ലഹരി ഉപയോഗിക്കുന്ന കുട്ടികൾക്ക് കൗൺസിലിംഗും, ആവശ്യമെങ്കിൽ ചികിത്സയും നൽകി വരുന്നു. സ്കൂൾ-കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനായി 'സേവ് ദ സ്പ്രിംഗ്' എന്ന പേരിൽ സ്പെഷ്യൽ എൻഫോഴ്സ്മെന്റിന്റെ ഭാഗമായി അബോൺ ഡ്രഗ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധിക്കുകയും, ലഹരി |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ കൗൺസിലിംഗ് നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ